# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/267/2018 2018 ഡിസംബർ 12

## വാർത്താക്കുറിപ്പ്

## ടി. പത്മനാഭനും എം.എ. യൂസഫ് അലിക്കും ഓണററി ഡോക്ടറേറ്റ്; ബിരുദദാനച്ചടങ്ങ് ഇന്ന്

**– ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം ഡി.ലിറ്റ് സമ്മാനിക്കും**

പ്രശസ്ത മലയാള സാഹിത്യകാരൻ ടി. പത്മനാഭനും പ്രമുഖ വ്യവസായി എം.എ. യൂസഫ് അലിക്കും ഓണററി ഡോക്ടറേറ്റ് നൽകി ആദരിക്കുന്ന ഏഴാമത് സ്പെഷൽ ബിരുദദാനച്ചടങ്ങ് ഇന്ന് (ഡിസംബർ 13) മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും. രാവിലെ 11.30ന് സർവകലാശാല അസംബ്ലി ഹാളിൽ ചാൻസലറായ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം ഇരുവർക്കും ഡി.ലിറ്റ് സമ്മാനിക്കും.

പ്രോ ചാൻസലറായ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ, വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പങ്കെടുക്കും. രാവിലെ സർവകലാശാല ഗസ്റ്റ് ഹൗസിലെത്തുന്ന ഗവർണറെയും വിശിഷ്ടവ്യക്തികളെയും വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സ്വീകരിക്കും. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷനിലെത്തുന്ന വിശിഷ്ടാതിഥികളെ ഘോഷയാത്രയോടെയാണ് അസംബ്ലി ഹാളിലേക്ക് ആനയിക്കുക. പ്രത്യേക അലങ്കാര വസ്ത്രം ധരിച്ചാണ് വിശിഷ്ടാതിഥികൾ ചടങ്ങിൽ പങ്കെടുക്കുക. സർവകലാശാലയ്ക്കുള്ളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. സർവകലാശാല കാമ്പസിനുള്ളിൽ ഇന്ന് മറ്റു വാഹനങ്ങൾക്ക് പ്രവേശനമുണ്ടായിരിക്കുന്നതല്ല.

### പുതുക്കിയ പരീക്ഷ തീയതി

ഡിസംബർ 17ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. യു.ജി. നവംബർ 2018 പരീക്ഷ ഡിസംബർ 18നും ഡിസംബർ 21ലെ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. യു.ജി. ഡിസംബർ 2018 പരീക്ഷ ജനുവരി 10നും നടക്കും. ജനുവരി ഒന്നിലെ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. യു.ജി. ഡിസംബർ 2018 പരീക്ഷ ഡിസംബർ 31നും ജനുവരി 11ലെ മൂന്നാം സെമസ്റ്റർ എം.എസ്‌സി മൈക്രോബയോളജി ഡിസംബർ 2018 (മൈക്രോബയൽ ക്വാളിറ്റി അഷ്വറൻസ്, ബയോസേഫ്റ്റി ആന്റ് ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ്) പരീക്ഷകൾ ജനുവരി 14നും നടത്തുന്നതിന് പുതുക്കി നിശ്ചയിച്ചു. മറ്റു പരീക്ഷകളുടെ തീയതി, സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

ഡിസംബർ 19ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2017 അഡ്മിഷൻ റെഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി നാലിന് നടക്കും. മറ്റു പരീക്ഷകളുടെ തീയതികൾക്ക് മാറ്റമില്ല.

## തീയതി നീട്ടി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ) പരീക്ഷയ്ക്ക് ഫീസടയ്ക്കാനുള്ള തീയതി ഡിസംബർ 14 വരെ നീട്ടി. ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. 2017 അഡ്മിഷൻ സപ്ലിമെന്ററി വിദ്യാർഥികൾ പരീക്ഷാഫീസ് ഓൺലൈനായി ഇപ്പോൾ അടയ്ക്കേണ്ടതില്ല.

## പ്രാക്ടിക്കൽ, വൈവാവോസി

ആറാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്. - മോഡൽ I, II, III - 2013ന് മുമ്പുള്ള അഡ്മിഷൻ - റീഅപ്പിയറൻസ്) സെപ്റ്റംബർ/ഒക്ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 18നും പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ഡിസംബർ 20നും അതത് പരീക്ഷാകേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ പി.എച്ച്.ഡി. കോഴ്സ് വർക്ക് പൂർത്തിയാക്കിയ 2017 രജിസ്ട്രേഷൻ റഗുലർ (സ്പെൽ I, II), സപ്ലിമെന്ററി കോഴ്സ് I, II പരീക്ഷകൾ കോട്ടയം സി.എം.എസ്. കോളേജിൽ 2019 ജനുവരി അഞ്ച്, ആറ് തീയതികളിൽ ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടക്കും. കോഴ്സ് III പരീക്ഷ അതത് ഗവേഷണ കേന്ദ്രങ്ങളിൽ ജനുവരി 12ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടക്കും.

## പരീക്ഷഫലം

2017 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ അപേക്ഷിക്കാം.

2016 നവംബർ, 2017 ഓഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിൽ കാലടി ശ്രീശങ്കര കോളേജിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി ആന്റ് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ അപേക്ഷിക്കാം.

## 'സുകൃതം 2018' എൻ.എസ്.എസ്.

## സപ്തദിന ക്യാമ്പുകൾ 21 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിന്റെ 'സുകൃതം 2018' സപ്തദിന സ്പെഷൽ ക്യാമ്പുകൾ ഡിസംബർ 21ന് ആരംഭിക്കും. ഇതാദ്യമായാണ് 227 എൻ.എസ്.എസ്. യൂണിറ്റുകളുടെയും ക്യാമ്പുകൾ ഒരേ ദിവസം ആരംഭിക്കുന്നത്. പ്രളയ ദുരിതാശ്വാസ പ്രവർത്തനമാണ് ക്യാമ്പുകളുടെ പ്രധാന കർമ്മപരിപാടി. സർവകലാശാലതല ഉദ്ഘാടനം ഡിസംബർ 21ന് കുമരകം വള്ളാറ പള്ളി ബി.സി.എം. പാരിഷ് ഹാളിൽ നടക്കും. വൈകീട്ട് 4.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. അഡ്വ. കെ. സുരേഷ് കുറുപ്പ് അധ്യക്ഷത വഹിക്കും.

തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തും. മുൻ എം.എൽ.എ. തോമസ് ചാഴികാടൻ, കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. സലിമോൻ, ജില്ലാ പഞ്ചായത്തംഗം ജയേഷ് മോഹൻ, ബ്ലോക്ക് പഞ്ചായത്തംഗം കെ.എം. ബാബു, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. റോയി സാം ഡാനിയേൽ, ഗ്രാമപഞ്ചായത്തംഗങ്ങളായ ഉഷ സാലി, ഡോ. മാഗി ജോൺ, എൻ.എസ്.എസ്. റീജണൽ ഡയറക്ടർ ജി.പി. സജിത് ബാബു, സംസ്ഥാന ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ, പ്രിൻസിപ്പൽമാരായ പ്രൊഫ. ജോസഫീന സൈമൺ, ഡോ. ജാൻസി തോമസ്, ഡോ. ജി.പി. സുധീർ, ഫാ. ജയിംസ് പൊങ്ങാനയിൽ

എൻ.ആർ. ബിനു, വിഷ്ണു ഷാജി, ഫാ. ബൈജു മാത്യു എന്നിവർ പങ്കെടുക്കും. കോട്ടയം ബി.സി.എം, ബസേലിയസ്, സി.എം.എസ്., കുമരകം എസ്.എൻ. കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് കുമരകത്തെ ക്യാമ്പിൽ പങ്കെടുക്കുക. ഉദ്ഘാടനത്തോടനുബന്ധിച്ച് വൈകീട്ട് നാലിന് ആറ്റാമംഗലത്തുനിന്ന് ബി.സി.എം. പാരിഷ് ഹാളിലേക്ക് വിളംബരജാഥ നടക്കും.

## റിസർച്ച് മെതഡോളജി: ശിൽപശാല 15ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സംഘടിപ്പിക്കുന്ന റിസർച്ച് മെതഡോളജി രാജ്യാന്തര ശിൽപശാല ഡിസംബർ 15ന് നടക്കും. രാവിലെ ഒമ്പതിന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ശിൽപശാല ഉദ്ഘാടനം ചെയ്യും. പി.ജി., എം.ഫിൽ വിദ്യാർഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും ശിൽപശാലയിൽ പങ്കെടുക്കുന്നതിന് ഡിസംബർ 14 ന് വൈകിട്ട് അഞ്ചുവരെ രജിസ്റ്റർ ചെയ്യാം. ഫോൺ: 9526719084, 9895474642.

### മാധ്യമ സുഹൃത്തുക്കളുടെ ശ്രദ്ധയ്ക്ക്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കുന്ന സ്പെഷൽ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് മാധ്യമപ്രവർത്തകർക്ക് വാഹനസൗകര്യം ഒരുക്കിയിട്ടുണ്ട്. കോട്ടയം പ്രസ്ക്ലബ്ബിൽ നിന്ന് രാവിലെ 10ന് വാഹനം പുറപ്പെടും. വിശദവിവരത്തിന് ഫോൺ: 9633113615 (ഷൈബിൻ).

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**